# 'മറിയയുടെ ദൗത്യം'

## യോഹന്നാൻ 2:5

''അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ എന്നു പറഞ്ഞു.''

യേശുവിന്റെ പരസ്യശുശ്രൂഷയിലെ ആദ്യത്തെ അത്ഭുതം നടന്ന കാനാവിലെ കല്യാണ നാളിലെ സംഭവമാണ് ഈ വാക്യത്തിന്റെ പശ്ചാത്തലം. സത്ക്കാരത്തിനിടെ വീഞ്ഞ് തികയാതെ വന്നു. ഇത് യഹൂദനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുളവാക്കുന്നതും, പരിഹാസത്തിന് ഇടയാക്കുന്നതുമാണ്.

അനേകർ ആ ഭവനത്തിൽ ഉണ്ടായിരുന്നു. ആഘോഷവേളയിൽ പങ്കുകൊണ്ടിരുന്നു. എന്നാൽ വീട്ടിലെ ഒരു കുറവ്, ഒരു പ്രശ്നം അത് മറ്റാരും അറിഞ്ഞില്ല, അറിയാൻ ആഗ്രഹിച്ചില്ല. മറിയ അറിഞ്ഞു. ആ ഭവനത്തിൽ ഒരു പ്രയാസം ഉണ്ടാക്കാതെ, അത് മറ്റാരും അറിയാതെ പരിഹരിക്കുവാൻ തന്നാലായതു അവൾ ചെയ്തു. ആഘോഷത്തിൽ പങ്കെടുക്കുമ്പോൾ തന്നെ അവിടെ ഒരു പ്രയാസവും ഉണ്ടാകരുത് എന്ന ഒരു ഹൃദയ വാഞ്ചയോടുകൂടിയായിരുന്നു പ്രവർത്തിച്ചിരുന്നത്. അവരുടെ ബുദ്ധിമുട്ടുകളെ മനസ്സിലാക്കാൻ മനഃപൂർവ്വമായ ഒരു പരിശ്രമം മറിയയിൽ ഉണ്ടായിരുന്നു. അത് ആത്മാർത്ഥമായ സ്നേഹത്തിൽ നിന്നും ഉണ്ടാവുന്നതാണ്.

ആ വീടിന്റെ വിഷമം, കുറവ് മനസ്സിലാക്കിയ മറിയ, അത് പരിഹരിക്കാൻ കഴിവുള്ളവന്റെ അടുക്കലേക്ക് അതു കൊണ്ടുവന്നു കൊടുത്തു. തന്റെ മകൻ എന്നതല്ല, തന്റെ ദൈവം സകലത്തിനും മതിയായവൻ എന്നറിഞ്ഞുകൊണ്ട്, വിശ്വാസത്തോടെ അവന്റെ കരങ്ങളിൽ ഏല്പിച്ചു. അവൾക്ക് മറ്റു വേവലാതികൾ ഇല്ല, സംശയങ്ങൾ ഇല്ല. അവളുടെ അടുത്ത പ്രവൃത്തി അത് തെളിയിക്കുന്നു. അവൾ ശുശ്രൂഷക്കാരോടു പറഞ്ഞു. "അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വീൻ." എന്തൊരു വിശ്വാസം. നമ്മിൽ നിന്ന് വ്യത്യസ്തമായി ചിലതൊക്കെ നമുക്കിവിടെ മറിയയിൽ കാണാം.

അവൾ ആ വിഷയം ഏറ്റെടുത്ത് തന്റെ ദൈവത്തിൽ ഏല്പിച്ചു. പിന്നെ സ്റ്റേജ് വിട്ടു. ദൈവം ചെയ്യാൻ പോകുന്ന പ്രവൃത്തിയുടെ പേരിനുവേണ്ടി / **credit** ന് അവൾ നിന്നില്ല. ഇന്നു നാമോ നമ്മുടെ ആത്മീക ശുശ്രൂഷകരോ ഒക്കെയായിരുന്നു എങ്കിൽ ആ പേരിൽ നമ്മൾ ചിലതുകൂടി സമ്പാദിച്ചേനെ. ചില പേരുകൾ, പെരുമകൾകൂടി നേടിയെടുത്തേനെ, ആ ഭവനത്തിന്മേൽ നമ്മുടെ അധികാരം ഉറപ്പിച്ചെടുത്തേനെ. എന്റെ സ്വഭാവം എങ്ങനെയാണ്, എന്റെ ചിന്താഗതികൾ എന്താണ്, എന്റെ ശുശ്രൂഷകളിൽ ഞാൻ

എങ്ങനെയാണ് പ്രതികരിക്കുന്നത് എന്ന് സ്വയം ആത്മപരിശോധന നടത്തണം. ജീവിതം തിരുത്തണം.

വീണ്ടും മറിയ ശുശ്രൂഷക്കാരോട് വളരെ വ്യക്തമായിട്ട് മുന്നറിയിപ്പു കൊടുക്കുന്നു. അവൻ എന്തുപറഞ്ഞാലും അത് ഒരു കല്പനയാണ്. ചോദ്യങ്ങളില്ലാതെ അനുസരിക്കുക മാത്രം. അവൾക്കറിയാം, പാട്ടുകാരൻ പാടിയതുപോലെ – എന്റെ യേശു എനിക്ക് നല്ലവൻ.

മറിയ തന്റെ വിഷയം യേശുവിന്റെ കയ്യിൽ കൊടുത്തു. ശുശ്രൂഷക്കാരെ യേശുവിനെ പരിചയപ്പെടുത്തി, യേശുവും അവരുമായി നേരിട്ടുള്ള ഒരു വ്യക്തി ബന്ധങ്ങളിലേക്ക് നയിച്ചു. വീണ്ടും അവരുടെ നടുവിൽ നിന്ന് മദ്ധ്യസ്ഥനാകാതെ അവിടെനിന്നും മാറി. എത്ര മഹത്വമേറിയ ശുശ്രൂഷ മറിയ ഇവിടെ അവതരിപ്പിച്ചു കാണിക്കുന്നു. നമുക്കൊരു പേര്, നമുക്കല്പം ലാഭം എന്ന ചിന്തവിട്ട് നാം യഥാർത്ഥ വിശ്വാസ ജീവിതത്തിലേക്കും, ദൈവം ആഗ്രഹിക്കുന്ന ശുശ്രൂഷയിലേക്കും മടങ്ങിവരുമോ?

നാമും, നമ്മുടെ ജീവിതത്തിൽ നാം ആയിരിക്കുന്ന ഭവനം, കൂട്ടായ്മ, സഭ, സമൂഹം എന്നതിലെ ഇല്ലായ്മകളെ, കുറവുകളെ ആത്മാർത്ഥമായി അന്വേഷിച്ചറിയിന്നവരും, അതു പരിഹരിക്കാൻ ശ്രമിക്കുന്നവരും ആണോ?

നമ്മുടെ ശുശ്രൂഷകളും മറിയയുടേതുപോലെ ആകട്ടെ. പ്രതിഫലം ഇച്ഛിച്ചല്ല, മറിച്ച് ദൈവ നാമ മഹത്വത്തിനും, ദൈവരാജ്യ വ്യാപ്തിക്കുമായി തീരട്ടെ. അത് ജനത്തെ ദൈവ ത്തിങ്കലേക്ക് അടുപ്പിക്കുന്നതാകട്ടെ. ഇന്നു നമ്മുടെ ചുറ്റും നടക്കുന്നത് പോലെ, ഞാൻ എന്തെങ്കിലും ചെയ്തു എന്നു പറഞ്ഞു സ്വയം പുകഴുവാനല്ല, നാലുപേരേ അറിയിച്ച് പേരെടുക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. ആത്മീയ നിഗളം നമ്മിലുണ്ടാകരുത്. സകല പുകഴ്ചയ്ക്കും യോഗ്യനായവൻ കർത്താവു മാത്രം. അവനു മഹത്വം കരേറ്റാം. നന്ദിയോടെ സ്തോത്രം ചെയ്യാം. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

**പരാമർശം :**

**കൊലൊസ്സ്യർ 3:23,24**

നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.

ബ്രദർ. സലിം ജേക്കബ് പുതുപ്പള്ളി 001